# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 1590*

*03/05/2017-ലെ മറുപടി*

## *പൊന്നാനി - ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ജലപാത*

**ചോദ്യം**

**ശ്രീ. വി. അബ്ദുറഹിമാൻ**

എ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാലിലെ പൊന്നാനി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന (പോർട്ട് ടു പോർട്ട്) ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

ബി ദേശീയ ജലപാതയിലെ 3-ാം റീച്ചിൽ ഉൾപ്പെട്ട മേൽസൂചിപ്പിച്ച പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

സി പൊന്നാനി-ബേപ്പൂർ (പോർട്ട് ടു പോർട്ട്) ജലപാത എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

എ & ബി & സി വെസ്റ്റ് കോസ്റ്റ് കനാൽ മലപ്പുറം ജില്ലയിലെ ഭാരതപ്പുഴയും കോഴിക്കോട് ജില്ലയിലെ ചാലിയാർപുഴയും കുറുകെയാണ് കടന്നുപോകുന്നത്. പൊന്നാനി തുറമുഖം ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്ന ഭാഗത്തും ബേപ്പൂർ തുറമുഖം ചാലിയാർപുഴ അറബിക്കടലിൽ ചേരുന്ന ഭാഗത്തുമാണ്. അതിനാൽ ഇതിനായി പ്രത്യേകം കനാൽ നിർമ്മിക്കേണ്ടതില്ല. വെസ്റ്റ് കോസ്റ്റ് കനാലിന്റെ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പുഴകൾ ആഴം കൂട്ടി ഗതാഗതയോഗ്യമാക്കുവാൻ കഴിയുന്നതാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ നാഷണൽ വാട്ടർ വേ - 3, ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ജലപാത വികസിപ്പിക്കുന്നതു സംബന്ധിച്ച പ്രവൃത്തികൾ Inland Water way Authority of India (IWAI) ആണ് നടത്തി വരുന്നത്.

**സെക്ഷൻ ഓഫീസർ**